(സി) പ്രസ്തുത കേസിന്റെ കോടതി ഉത്തരവ് വിശദീകരിക്കാമോ;

(ഡി) ഈ ഉത്തരവിന്റെ വെളിച്ചത്തിൽ ഭൂഗർഭജലം ഊറ്റുന്നതു സംബന്ധിച്ച് ശാസ്ത്രീയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഗവൺമെന്റ് കക്ഷി ആയിരുന്നു.

(ബി)–(ഡി) കോടതി വിധി പുറപ്പെടുവിച്ച് രണ്ടാഴ്ചയ്ക്കകം കമ്പനി ലൈസൻസിന് അപേക്ഷ നൽകുന്നപക്ഷം അത് പരിഗണിക്കണം. മഴയുടെ അളവു നോക്കിയശേഷം പ്രതിദിനം അഞ്ചു ലക്ഷം ലിറ്റർ ഭൂഗർഭജലം എടുക്കാവുന്നതാണ്. കമ്പനിയുടെ ചുറ്റുമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്കായി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പ്ലാച്ചിമട കൊക്കകോള ഫാക്ടറിയുടെ പ്രവർത്തനംമൂലം ഭൂജല നിലവാരത്തിൽ ഉണ്ടായ കുറവ്

69 [250] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള ഫാക്ടറിയുടെ ഒരു കിലോമീറ്റർ പരിവൃത്തിക്കകത്തുള്ള ഭൂജലനിരപ്പ് കഴിഞ്ഞ അഞ്ച് വർഷങ്ങളിലോരോന്നിലും എത്ര വീതമായിരുന്നു;

(ബി) ഈ കാലയളവിൽ കൊക്കകോള ഫാക്ടറിയുടെ ജലമൂറ്റൽ വഴി ഭൂജല നിലവാരത്തിൽ എന്തു മാത്രം കുറവുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫാക്ടറിക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പഠനം നടത്തിയിട്ടില്ല. 2002 മാർച്ച് മുതൽ കമ്പനിക്കകത്തും അതിന് തൊട്ടടുത്ത പ്രദേശത്തുമുള്ള 16 സാധാരണ കിണറുകളും 2 കുഴൽ കിണറുകളും പഠന വിധേയമാക്കിയതിൽ നിന്നും 9 കിണറുകളിലെ ജലവിതാനം 0.22 മീറ്റർ മുതൽ 1.37 മീറ്റർ വരെ താഴ്ന്നതായി കാണപ്പെട്ടു.

(ബി) കൊക്കകോള കമ്പനിയുടെ പരിസരത്തുള്ള 16 സാധാരണ കിണറുകളിലെ ഭൂജല നിരപ്പ് മാർച്ച് 2002-ലേയും മാർച്ച് 2003-ലേയും താരതമ്യപ്പെടുത്തി നോക്കിയപ്പോൾ ഒരു കിണർ വറ്റിപ്പോയതായും 9 കിണറുകളിൽ 0.22 മീറ്റർ മുതൽ 1.37 മീറ്റർ വരെ ജലനിരപ്പ് താഴ്ന്നതായും കണ്ടു. 6 കിണറുകളിൽ 0.21 മുതൽ 1.10 മീറ്റർ വരെ ജലനിരപ്പ് ഉയർന്നതായും കാണുകയുണ്ടായി. മെയ് 2003 മുതൽ മെയ് 2004 വരെ നടത്തിയ വിശകലനത്തിൽ നിന്നും 11 സാധാരണ കിണറുകളുടെ ജലവിതാനം 0.05 മുതൽ 1.02 മീറ്റർ വരെ താഴ്ന്നതായും കണ്ടെത്തി.

LIBRARY ARCHIVES Kerala Legislative Assembly